11417
4/6/19

# കേരള സർക്കാർ

## സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയം 2018 - കാലവർഷക്കെടുതിമൂലം മലപ്പുറം ജില്ലയിലെ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്യുന്നതിന് അധിക തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

==========================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (സാധാ) നം.1591/2019/റവ. തിരുവനന്തപുരം, തീയതി, 22/06/2019

==========================================

പരാമർശം:- 1. 08.12.2018-ലെ സ.ഉ. (സാധാ) നം. 5088/2018/റവ. നമ്പർ ഉത്തരവ്.

2. 29.01.2019-ലെ സ.ഉ. (സാധാ) നം.284/2019/റവ. നമ്പർ ഉത്തരവ്.

3. മലപ്പുറം ജില്ലാ കളക്ടറുടെ 03.05.2019-ലെ ജി.3-187924/2018 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയ്ക്ക് പ്രളയം 2018 കാലവർഷക്കെടുതിമൂലം നാശനഷ്ടം സംഭവിച്ച മലയോരപ്രദേശങ്ങളിലെ വീടുകൾക്ക് ധനസഹായം വിതരണം ചെയ്യുന്നതിനായി 23,46,00,000/- രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പരാമർശം 2 ഉത്തരവ് പ്രകാരം 17,98,31,900/- രൂപ അധിക തുക അനുവദിച്ചു നൽകിയിരുന്നു .

2. നൽകിയ തുകയിൽ, കൂടുതൽ അപ്പീൽ അപേക്ഷകൾ വന്നിട്ടുള്ളതിനാൽ അനുവദിച്ച ഫണ്ട് തികയാതെ വന്നിട്ടുള്ളതായും പ്രളയത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്കും പൂർണ്ണ ഭവന നാശം സംഭവിച്ചവർക്കും വീട് പുനര്നിര്മ്മിക്കുന്നതിനും മാറ്റി പാർപ്പിച്ച കുടുംബങ്ങൾക്ക് ധനസഹായം നല്കുന്നതിനുമായി ഏറനാട് താലൂക്കിൽ 1,11,39,600/- രൂപയും നിലമ്പൂർ താലൂക്കിൽ 9,24,79,100/- രൂപയും (ആകെ -10,36,18,700/-രൂപ) അനുവദിക്കണമെന്ന് മലപ്പുറം ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രളയം 2018 കാലവർഷക്കെടുതിയിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്കും പൂർണ്ണ ഭവന നാശം സംഭവിച്ചവർക്കും വീട് പുനര്നിര്മ്മിക്കുന്നതിനും മാറ്റി പാർപ്പിച്ച കുടുംബങ്ങൾക്ക് ധനസഹായം നല്കുന്നതിനുവേണ്ടിയും 10,36,18,700/- രൂപയുടെ (ഏറനാട് താലൂക്കിൽ 1,11,39,600/- രൂപയും നിലമ്പൂർ താലൂക്കിൽ 9,24,79,100/- രൂപയും ) അധിക ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. വിതരണത്തിനാവശ്യമായി വരുന്ന 10,36,18,700/- (പത്തു കോടി മുപ്പത്തിയാറു ലക്ഷത്തി പതിനെണ്ണായിരത്തി എഴുന്നൂറു രൂപ മാത്രം) രൂപ *"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ്കുമാർ.റ്റി .കെ
ജോയിന്റ് സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, മലപ്പുറം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ജില്ലാ ട്രഷറി ഓഫീസർ, മലപ്പുറം (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
ധനാകാര്യം ഫണ്ട്സ് വകുപ്പ്
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം
Bindumol K N
സെക്ഷൻ ഓഫീസർ